സാമൂഹ്യ വനവൽക്കരണ പദ്ധതികൾ

190 (2220) ശ്രീ. എൻ. രാജൻ :
ശ്രീ. കെ. അജിത് :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യവനവൽക്കരണ പദ്ധതികൾ വിജയിപ്പിക്കുന്നതിനായി പൊതുജനങ്ങൾ, തൊഴിലാളികൾ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളുടെ പിന്തുണ ലഭിച്ചിട്ടുണ്ടോ ; ഈ പദ്ധതികൾ നടപ്പിലാക്കിയതിന്റെ പേരിൽ ഇതിനകം അവാർഡുകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ബി) സംസ്ഥാനത്ത് റിസർവ്വ് വനവിസ്തൃതിയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഇത് എത്ര വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എന്റെ മരം പദ്ധതിക്ക് 2007-ലെ ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര അവാർഡ് ലഭിച്ചിട്ടുണ്ട്.

എന്റെ മരം, ഹരിത തീരം, ഹരിത കേരളം, വഴിയോര തണൽ എന്നീ പദ്ധതികൾ മുഖേന 1.87 കോടി വൃക്ഷത്തൈകൾ 2007 മുതൽ 2010 വരെ വനേതര പ്രദേശങ്ങളിൽ നട്ടുപിടിപ്പിച്ചതിന് യുണൈറ്റഡ് നേഷൻസ് എൻവയോൺമെന്റ് പ്രോഗ്രാമിന്റെ സർട്ടിഫിക്കറ്റും, പ്രശംസാ പത്രവും ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ റിസർവ്വ് വന വിസ്തൃതിയായി 48310.81 ഏക്കർ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു :

വാഗമൺ	1086.95 ഏക്കർ
കുറിഞ്ഞിമല	7904 ഏക്കർ
മാങ്കുളം	22253.37 ഏക്കർ
കെ.ഡി.എച്ച്. റിസർവ്വ്	17066.49 എക്കർ
ആകെ	48310.81 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly